# കേരള സർക്കാർ

## സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005 –ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്കായുള്ള ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിനായി 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (എ) വകുപ്പ്

**G.O.(Rt)258/2025/WCDD** **Dated,04/06/2025**

---

പരാമർശം:-

1. സ.ഉ.(കൈ)നം.2/2021-വശിവിവ തീയതി 31.08.2021.
2. സ.ഉ.(പി)നം.4/2022-വശിവിവ തീയതി 29.03.2022.
3. സ.ഉ.(സാധാ)നം.251/2024/വശിവിവ തീയതി 19.07.2024.
4. സ.ഉ.(സാധാ)നം.15/2025/വശിവിവ തീയതി 10.01.2025.
5. സ.ഉ.(സാധാ)നം.42/2025/വശിവിവ തീയതി 30.01.2025.
6. വനിത ശിശു വികസന ഡയറക്ടറുടെ 21.03.2025, 02.06.2025 എന്നീ തീയതികളിലെ DWCD/1905/2025-WEC3 നമ്പർ കത്ത്.

AS/WCD/25/42698

## ഉത്തരവ്

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 14 ഷെൽട്ടർ ഹോമുകളുടെ 2024-25 സാമ്പത്തിക വർഷത്തെ ദൈനംദിനപ്രവർത്തനങ്ങൾക്കായി 2,22,60,000/-രൂപ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.പരാമർശം (4) പ്രകാരമുള്ള വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുന:ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം അനുവദിച്ച 2,22,60,000/- രൂപ പുന:ക്രമീകരിച്ച് 1,11,30,000 രൂപയാക്കി പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ 14 ഷെൽട്ടർ ഹോമുകൾക്ക് 2024-25

സാമ്പത്തിക വർഷം ആറു മാസത്തെ പ്രവർത്തന ഫണ്ട് മാത്രമേ മാറി നൽകാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ഈ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം 14 ഷെൽട്ടർ ഹോമുകൾക്ക് നൽകാനുള്ള ആറു മാസത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 1,11,30,000 /-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വിശദമായ ബഡ്ജറ്റ് കമ്പോണന്റ് വിശദാംശങ്ങൾ സഹിതമുള്ള പ്രൊപ്പോസൽ പരാമർശം (6)പ്രകാരം വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു. കമ്പോണന്റ് വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 1,11,30,000 | AS/WCD/25/42698 | 2026-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Administration and Management Expenses for 14 Shelter homes Arrear amount for the year 2024 25 | 40,32,000 |
| 2 | Recurring Expenditure for 14 Shelter homes for the year 2024 25 Arrear amount | 70,98,000 |
| ആകെ (ഒരു കോടി പതിനൊന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ) | | **1,11,30,000** |

ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | Superintendent or Manager(No of Post-1)(12500x6) per shelter home | 14 | 75000 | 10,50,000 |
| 2 | Honorarium for the Counselor Honorarium for the Counselor (No of Post-1) (10500x6) | 14 | 63000 | 8,82,000 |
| 3 | Office Assistant cum data entry operator(No of Post-1)(8500x6) | 14 | 51000 | 7,14,000 |
| 4 | Watchman Watchwoman (No of Post-1) (5500x6) | 14 | 33000 | 4,62,000 |
| 5 | Remuneration to Peon(No of Post-1) (5500x6) | 14 | 33000 | 4,62,000 |

AS/WCD/25/42698

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 6 | Remuneration to Cook (No of Post-1)(5500x6) | 14 | 33000 | 4,62,000 |
| ആകെ (നാല്പത് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ) | | | | **40,32,000** |

ക്രമ നമ്പർ 2ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | Rent for shelter home Rent for shelter home (Rs12500/month x6) per shelter home | 14 | 75000 | 10,50,000 |
| 2 | Food(per resident=60x30x30x6) per shelter home | 14 | 324000 | 45,36,000 |
| 3 | Clothing (Consolidated) | 14 | 15000 | 2,10,000 |
| 4 | Medicine, Personal kit Medicine, Personal kit (Consolidated) | 14 | 36000 | 5,04,000 |
| 5 | Recreational activities/Vocational training(Consolidated) | 14 | 9000 | 1,26,000 |
| 6 | Telephone Charges or Thapal Charges, Emergency medical expenditure and Contigency Telephone Charges or Thapal Charges, Emergency medical expenditure and Contigency(Per Shelter home)(8000 x6) | 14 | 48000 | 6,72,000 |
| ആകെ (എഴുപത് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരം രൂപ) | | | | **70,98,000** |

AS/WCD/25/42698

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന 14 ഷെൽട്ടർ ഹോമുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശികയായി അനുവദിക്കുവാനുള്ള 1,11,30,000/-രൂപ (ഒരു കോടി പതിനൊന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

2 )ധനകാര്യ വകുപ്പ്.

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

4) വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).

5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.05 05:20:00 +05:30

AS/WCD/25/42698